"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പുനർവിന്യാസം - കൃഷി വകുപ്പിൽ നിന്നും തദ്ദേശ സ്ഥാപനങ്ങളിൽ പുനർവിന്യസിച്ചിരുന്ന ശ്രീ. പ്രേംജിത്ത് എ വി, ശ്രീ. അജിത്ത് എ വി എന്നിവരെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ടും ശ്രീ ഷിന്റോ ഭാസ്കർ, ശ്രീമതി. ജയലക്ഷ്മി.ജെ.ജെ എന്നിവരെ പുനർവിന്യസിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1076/2023/LSGD തീയതി,തിരുവനന്തപുരം, 20-05-2023**

---

പരാമർശം:-

1. കൃഷി ഡയറക്ടറുടെ 24/05/2022, 10/04/2023, 28/04/2023, - തീയതികളിലെ ADFW/2958/2020-SA4 നമ്പർ കത്തുകൾ.
2. ഗ്രാമവികസന കമ്മീഷണറുടെ 10/10/2022-ലെ 3825/എസ്റ്റാ.സി4/2022/സിആർഡി നമ്പർ കത്ത്.
3. കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 04/05/2023-ലെ പി 8-05/2013 നമ്പർ സാക്ഷ്യപത്രം.

**ഉത്തരവ്**

കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ നിന്നും പുനർവിന്യസിച്ചിരുന്ന ക്ലർക്കുമാരായ ശ്രീ. പ്രേംജിത്ത് എ പി (കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത്), ശ്രീ അജിത്ത് എ വി (കോഴിക്കോട് ജില്ലാ പഞ്ചായത്ത്) എന്നിവർ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നു. ശ്രീ. പ്രേംജിത്ത് എ പി-യ്ക്ക് പകരം പേരാമ്പ്ര അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലെ ക്ലാർക്ക് ശ്രീ ഷിന്റോ ഭാസ്കർ-നെയും ശ്രീ. അജിത്ത് എ വി-യ്ക്ക് പകരം തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസിലെ ശ്രീമതി. ജയലക്ഷ്മി ജെ.ജെ യെയും പുനർവിന്യസിക്കുന്നതിന് ശിപാർശ ചെയ്തുകൊണ്ട് കൃഷി ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ശ്രീ അജിത്ത് എ വി, ശ്രീ. പ്രേംജിത്ത് എ പി എന്നിവർക്കെതിരെ, നിലവിൽ പുനർവിന്യാസത്തിൽ സേവനമനുഷ്ഠിച്ചു വരുന്ന സ്ഥാപനങ്ങളിൽ, വകുപ്പുതല അന്വേഷണങ്ങളോ മറ്റു നടപടിക്രമങ്ങളോ നിലവിലില്ല എന്ന് പരാമർശം (2), (3) പ്രകാരം സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഈ വിഷയം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. പ്രേംജിത്ത് എ പി-യെ മാതൃവകുപ്പിൽ തിരികെ പ്രവേശിപ്പിച്ചുകൊണ്ട് പേരാമ്പ്ര അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലെ

ക്ലാർക്ക് ശ്രീ ഷിന്റോ ഭാസ്കർ-നെ കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിലും ശ്രീ. അജിത്ത് എ വി-യെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ട് തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസിലെ ശ്രീമതി. ജയലക്ഷ്മി ജെ.ജെ -യെ കോഴിക്കോട് ജില്ലാ പഞ്ചായത്തിലും നിലവിലെ വ്യവസ്ഥകൾക്കു വിധേയമായി പുനർവിന്യസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BALUMAHENDRA B
**അണ്ടർ സെക്രട്ടറി**

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം.
സെക്രട്ടറി, കോഴിക്കോട് ജില്ലാ പഞ്ചായത്ത്.
സെക്രട്ടറി, കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത്.
ബന്ധപ്പെട്ട വ്യക്തികൾക്ക് (വകുപ്പ് മേധാവി മുഖേന).
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, കേരള (ഓഡിറ്റ്), തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്.
(ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Suja M
Date: 20-05-2023 16:18:36
സെക്ഷൻ ഓഫീസർ